Malappuram District Police

# 08/02/2018 തിരൂർ

ഇതര സംസ്ഥാനങ്ങളിൽനിന്ന് ട്രെയിൻ മാർഗം ജില്ലയിലേക്കു വ്യാപകമായി കഞ്ചാവ് എത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ കർശന പരിശോധന നടക്കുന്നതിനിടെ തിരൂരിൽ മലയാളിയായ പത്തൊൻപതുകാരനിൽ നിന്ന് ഒരു കിലോ കഞ്ചാവ് പിടികൂടി. മംഗലം കാവഞ്ചേരി സ്വദേശി മുഹമ്മദ് അജ്മലിനെ തിരൂർ എസ്ഐ സുമേഷ് സുധാകരനും സംഘവും അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം തെക്കൻ കുറ്റൂരിൽ ഏജന്റിനു കൈമാറാൻ കൊണ്ടുവന്ന മൂന്നു കിലോ കഞ്ചാവുമായി മൂന്ന് ഇതര സംസ്ഥാനക്കാരെ എക്സൈസ് സംഘം പിടികൂടിയിരുന്നു.